# നീര വിപണിയിലിറക്കി

കോട്ടയം: നീരയും മൂല്യവർധിത ഉൽപ്പന്നങ്ങളും വിപണിയിലിറക്കി. എക്സൈസ് വകുപ്പും കേരള നാളികേര ബോർഡും സംയുക്തമായി സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നീരയുടെയും മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും വിപണനോദ്ഘാടനം നിർവഹിച്ചു.

നീര കൊണ്ടുവരുന്നതോടൊപ്പം തന്നെ കള്ളുചെത്ത് വ്യവസായ തൊഴിലാളികളുടെ തൊഴിൽ പൂർണമായി സംരക്ഷിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്തെ 173 നാളികേര ഫെഡറേഷനുകൾക്ക് സ്വന്തമായി നീര ചെത്തിയെടുക്കാൻ ലൈസൻസ് കൊടുക്കണമെന്നും അദ്ദേഹം നിർദേശിച്ചു. 14 ജില്ലകളിലെയും നാളികേര ഫെഡറേഷനുകൾക്കുള്ള ലൈസൻസും മുഖ്യമന്ത്രി വിതരണം ചെയ്തു.

ബിസിഎം കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മന്ത്രി കെ ബാബു അധ്യക്ഷനായി. പരിശീലനം ലഭിച്ച നീര ടെക്നീഷ്യന്മാർക്ക് കെ സുരേഷ്കുറുപ്പ് എംഎൽഎ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. നാളികേര വികസന ബോർഡ് ചെയർമാൻ ടി കെ ജോസ് നീരയും മൂല്യവർധിത ഉൽപ്പന്നങ്ങളും അവതരിപ്പിച്ചു. ശാസ്ത്രീയ നീര ശേഖരണത്തെപ്പറ്റിയുള്ള ലഘുലേഖയുടെ പ്രകാശനം കൊച്ചി എസ്സിഎംഎസ് ഗ്രൂപ്പ് ചെയർമാൻ ഡോ. ജിപിസി നായർ നിർവഹിച്ചു. എക്സൈസ് കമീഷണർ അനിൽ സേവ്യർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമല ജിമ്മി, കാർഷിക ഉൽപ്പാദന കമീഷണർ സുബ്രത ബിശ്വാസ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി എച്ച് കുര്യൻ, കൃഷി വകുപ്പ് സെക്രട്ടറി കെ ആർ ജ്യോതിലാൽ, കലക്ടർ അജിത്കുമാർ, എം പി സന്തോഷ്കുമാർ, എൻ അഴകേശൻ, ഡോ. പി രാജേന്ദ്രൻ, ബാബു ജോസഫ്, ആർ അജിത്കുമാർ, ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, സണ്ണിജോർജ്, ഡോ. കെ മുരളീധരൻ എന്നിവർ സംസാരിച്ചു.